17 ജൂലൈ 2008

## മുഖക്കുറി

മഹാത്മാഗ്രന്ഥശാലയുടെ ഒരുവർഷം നീുനിന്ന പ്ലാറ്റിനം ജൂബിലിആഘോഷങ്ങൾ സമാപിച്ചിരിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ തുടിപ്പുകൾ ഒപ്പിയെടുത്ത് വരുംതലമുറകൾക്ക് വേി കാത്തുവെയ്ക്കുക എന്ന ധർമ്മ മാണ് ഈ സ്മരണിക നിർവഹിക്കുന്നത്.

നവോത്ഥാനം നമുക്ക് നല്കിയ കല്പവൃക്ഷമാണ് മഹാത്മാലൈബ്രറി. കഴിഞ്ഞ ഏഴുദശകങ്ങളിൽ അനേകർ ഈ തരുവിന്റെ തണലിൽ വിശ്രമിച്ചിട്ടു്; ബോധമുൾക്കൊ് ഉണർവിന്റെ തുയിലുണർത്തിയിട്ടു്; അനേ കരുടെ വിയർപ്പിന്റെ തുള്ളികൾ ഇതിനെ നനച്ചിട്ടു്. താരും തളിരുമുാക്കാൻ പണിപ്പെട്ടവർ ഏറെ; എല്ലാ വർക്കും ഓർക്കാനും പുളകം കൊള്ളാനും ജൂബിലിക്കാലം ഉതകി.

നൂറ്റാുകളായി കല്ലിച്ച് കിടന്ന സമൂഹമായിരുന്നു നമ്മുടേത്. പഴമയുടെ മാറാലപിടിച്ച കോട്ടകൊത്തളങ്ങ ളിൽ അന്ധവിശ്വാസവും അവിശ്വാസവുമൊളിഞ്ഞുകിടന്നിരുന്നു. കഴിഞ്ഞനൂറ്റാിന്റെ ആദ്യപകുതിയിലുായ പരിഷ്കരണ ശ്രമങ്ങളാണ് അവയിൽ വെളിച്ചം തളിച്ചത്. വൈയ്ക്കത്തും ഗുരുവായൂരും പാലിയത്തും നടന്ന വീറുറ്റ പോരാട്ടങ്ങൾ ഉറങ്ങിക്കിടന്നിരുന്ന ജനതയുടെ ആത്മാഭിമാനമുണർത്തി. നായയ്ക്ക് നടക്കാവുന്ന വഴി യിൽ മനുഷ്യൻ ചവിട്ടാൻ പാടില്ല; അവർണ്ണർക്ക് ആരാധിക്കാൻ ആലയങ്ങളിൽ കയറിക്കൂടാ, ദുർബലൻ അയിത്തം പാലിച്ച് അകലെ നില്ക്കണം എന്നിങ്ങനെ ഇന്നത്തെ തലമുറ കേട്ടാൽ വിശ്വസിക്കാത്ത ഒട്ടേറെ അനാചാരങ്ങൾ അന്നുായിരുന്നു. ഇവയൊക്കെ തുടച്ച് മാറ്റി മാനവികതയുടെ നവസംസ്കാരം ഉദ്ഘോഷി ക്കുകയാണ് നവോത്ഥാനം ചെയതത്. പഴമയെ വർണ്ണച്ചായമടിച്ച് പുതുക്കിവെയ്ക്കുകയല്ല; അടിച്ചുടച്ച് പുതിയ ഒന്നിനെ പണിയുകയായിരുന്നു നവോത്ഥാനം. ആദ്യത്തേത് പുനരുത്ഥാനമാണ് - പരിഷ്കരിച്ച പട്ടിൽ പഴമ യുടെ പുനരവതാരം. നവോത്ഥാനമതല്ല, അത് പുതിയൊരു സൃഷ്ടിയാണ്; നവയുഗത്തിന്റെ നാന്ദിയും.

ഈ യുഗപ്പിറവി വിളിച്ചറിയിക്കുന്ന മഹാദൗത്യമാണ് മഹാത്മാഗ്രന്ഥശാലയ്ക്ക് ചരിത്രം നല്കിയത്. അതു കൊ് അലസവായനകൾക്കപ്പുറം, ഹരിജനോദ്ധാരണവും നൂൽനൂല്പും ഹിന്ദിപ്രചാരണവുമൊക്കെയായി മഹാത്മയുടെ പ്രവൃത്തിമണ്ഡലം. പൊതുപൗരസമൂഹത്തെ സൃഷ്ടിക്കുക, അവരെ ദേശീയ ബോധത്തിലേക്ക് നയിക്കുക, രാജഭരണത്തിന്റെ ജീർണ്ണതക്കെതിരെ പൊരുതുക എന്നതൊക്കെ സ്ഥാപനത്തിന്റെ ദൈനം ദിനപ്രവർത്തനത്തിന്റെ ഭാഗമായി. അങ്ങനെയാണ് നാടിന്ന് വെളിച്ചം പകർന്നു ദീപസ്തംഭമായി പ്രശോഭിക്കാൻ ഗ്രന്ഥശാലയ്ക്ക് കഴിഞ്ഞത്.

എഴുപത്തഞ്ച് വർഷങ്ങളായി തുടരുന്ന ഈ പ്രവർത്തനങ്ങൾ ആദ്യകാലത്തേക്കാൾ ശക്തിയോടെ ആവർത്തി ക്കേ കാലമാണിത്. കാലിന്നടിയിലെ സ്വാതന്ത്ര്യത്തിന്റെ മണ്ണ് ഊർന്ന്പോയിക്കൊിരിക്കുന്നു. അന്ധവി ശ്വാസങ്ങൾ പതിന്മടങ്ങ് പ്രഭാവത്തോടെ മടങ്ങിവന്നിരിക്കുന്നു. നവോത്ഥാനശില്പികൾ സ്വപ്നം ക വാഗ്ദ ത്തഭൂമി ഓരോ ദിവസവും അകലേയ്ക്ക് നീങ്ങിക്കൊിരിക്കുന്നു.

ഈ പിൻനടത്തത്തെ തടയാൻ ഗ്രന്ഥശാലകൾക്കേ കഴിയൂ. നടന്നവഴികൾ മൂടാതെ നോക്കുവാനും മുന്നോട്ട് വഴിവെട്ടുവാനും അറിവുള്ള മനുഷ്യന് കഴിയും. അറിവിനെ ആയുധമാക്കി പുതിയ സഞ്ചാരപഥങ്ങൾ തീർക്കേ ിയിരിക്കുന്നു. അതിന് സ്വയം സമർപ്പിക്കുന്നതിനുള്ള പ്രതിജ്ഞയാണ് ജൂബിലിയുടെ നിത്യസ്മാരകം. ജൂബി ലിക്കാലത്തിന്റെ ഉജ്ജ്വലസ്മരണകൾ അതിനുള്ള കരുത്ത് നമുക്കേകുമെന്ന് പ്രത്യാശിക്കാം.

**കെ.ജി. പൗലോസ്**

**ശ്രീ. പി. സുരേന്ദ്രൻ**
പീപ്പിൾസ് അർബൻ കോ.ഓപ്പറേറ്റീവ് ബാങ്ക്
എരൂർ, എറണാകുളം.
മൊ: 9744075951